പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1566 — 02.07.2015 ലെ മറുപടിയ്ക്ക്

## സമ്പൂർണ്ണ കാർഷിക സംസ്ഥാനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

**(എ)** കേരളം സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ;

**(ബി)** ഓരോ പദ്ധതിക്കുമായി 2014-15 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

**(എ) & (ബി)** കേരളം സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുന്നതിന് ലക്ഷ്യമിട്ടിട്ടില്ല. എന്നാൽ 2016 -ൽ കേരളത്തെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ചുവടെ ചേർക്കുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| പദ്ധതി | 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ തുക |
| --- | --- |
| ജൈവ കൃഷി വികസനം | 1000.00 ലക്ഷം രൂപ |
| വയനാട് പാക്കേജിന്റെ ഭാഗമായി ജൈവ കൃഷി വികസനം | 335.00 ലക്ഷം രൂപ |
| ആർ.കെ.വി.വൈ (കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ) | 140.00 ലക്ഷം രൂപ |

**(സി)** സമ്പൂർണ്ണ ജൈവകൃഷി പദ്ധതിക്കായി ഓരോ ജില്ലയിലും 2014-15 ൽ എത്ര തുക ചെലവഴിച്ചു ;

**(ഡി)** ഇതിന്റെ ഭൗതിക ലക്ഷ്യവും സാമ്പത്തിക ലക്ഷ്യവും എത്രയായിരുന്നുവെന്നും ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

**(സി) & (ഡി)** 2014-15 വർഷം ജൈവകൃഷി പദ്ധതിയ്ക്കായി വിവിധ ജില്ലകളിൽ ചെലവഴിച്ച തുക താഴെ ചേർക്കുന്നു.

| പദ്ധതി | ജില്ല | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
| --- | --- | --- |
| ജൈവ കൃഷി വികസനം | കാസർകോഡ് | 256.50 |
| ആർ.കെ.വി.വൈ | കോഴിക്കോട് | 20.00 |
| | പാലക്കാട് | 1.20 |

ഇതു കൂടാതെ ബയോഫാക്ക് ഇന്ത്യാ ഓർഗാനിക് 2014 നടത്തുന്നതിന് കേരള സർക്കാരിന്റെ വിഹിതമായി 80.50 ലക്ഷം രൂപ KSIDC യ്ക്കു നൽകിയിട്ടുണ്ട്. പ്രസ്തുത മീറ്റിൽ കേരളത്തിന്റെ തനതായ ജൈവ -

ഉല്പന്നങ്ങൾ ലോകത്തിനു മുമ്പാകെ പ്രദർശിപ്പിക്കുകയും അവയുടെ വിപണന സാദ്ധ്യതകളും ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡല പദ്ധതി പ്രകാരം സംസ്ഥാനത്തെ 138 നിയോജകമണ്ഡലങ്ങളിലും

എംഎൽഎ മാരുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു കൂട്ടിയിട്ടുണ്ട്. ഇതു പ്രകാരം അതാതു മണ്ഡലങ്ങളിൽ ജൈവകൃഷി നടത്തുന്നതിനാവശ്യമായ പദ്ധതികൾ രൂപകല്പന ചെയ്യുന്നതു സംബന്ധിച്ച് ലഭ്യമായ നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**